## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:280 29.01.2014-ൽ മറുപടിയ്ക്ക്

## മണിലാൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ശിവൻകുട്ടി<br>" സി.കെ.സദാശിവൻ<br>" ബാബു.എം.പാലിശ്ശേരി<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ** | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളിൽ സമയബന്ധിതമായി അച്ചടിജോലി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ പ്രസ്സുകളിൽ അച്ചടി ജോലികൾ സമയബന്ധിതമായി തന്നെ നിർവ്വഹിച്ചു വരുന്നു. സർക്കാർ ഗസറ്റുകൾ മുടക്കം കൂടാതെ എല്ലാ ചൊവ്വാഴ്ചകളിലും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ബഡ്ജറ്റ് ജോലികൾ, പരീക്ഷകൾ സംബന്ധിച്ച ജോലികൾ എല്ലാം തന്നെ കൃത്യമായി സമയപരിധിക്കുള്ളിൽ അച്ചടിച്ചു നൽകുന്നുണ്ട്. മറ്റു വർക്കുകളും കഴിയുന്നതും വേഗം ചെയ്തു കൊടുക്കാറുണ്ട്. |
| (ബി) | സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി രൂപീകരിക്കപ്പെട്ട മണിലാൽ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ എന്തെല്ലാമാണ്; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി ശ്രീമതി.ഇന്ദിരാ ചന്ദ്രശേഖർ അദ്ധ്യക്ഷയായിട്ട് 23.02.2010 തീയതിയിലെ ജി.ഒ.(എം.എസ്) 35/10/ ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ.കെ.പി.മണിലാൽ ഈ കമ്മിറ്റിയുടെ കൺവീനർ ആയിരുന്നു. ടി.കമ്മിറ്റി 11.05.2011 ന് സർക്കാരിന് റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ടിന്റെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് 21.03.2013, 25.03.2013 എന്നീ തീയതികളിൽ ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തിട്ടുണ്ട്. ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ശുപാർശയിലെ നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ചുവരുന്നു. |
| (സി) | അച്ചടി രംഗത്തെ മാറ്റങ്ങൾക്കനുസൃതമായി സർക്കാർ പ്രസ്സുകളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അച്ചടി രംഗത്ത് ദൈനംദിന പല മാറ്റങ്ങളും വന്നുകൊണ്ടിരിക്കുന്നു. അതനുസരിച്ച് സർക്കാർ പ്രസ്സുകളിൽ ലറ്റർ പ്രസ്സുകൾ മാറ്റി ഓഫ് സെറ്റ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഗുണമേന്മയോടുകൂടി വേഗത്തിൽ അച്ചടിക്കുവാൻ പ്രാപ്തമായ വെബ് ഓഫ്സെറ്റ് മെഷീനുകൾ മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹാന്റ് കംപോസിംഗ് മാറ്റി ഡി.റ്റി.പി. സംവിധാനം എല്ലാ പ്രസ്സുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. അതു പോലെ ഡി.റ്റി.പി. മെഷീൻ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഡിജിറ്റൽ കളർ പ്രിന്റിംഗ് മെഷീൻ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ പ്രസ്സുകളിലെ ടെക്നിക്കൽ ജീവനക്കാരുടെ ജോലിയെ സംബന്ധിച്ച് പരിഷ്കരണങ്ങൾ നടത്തുന്ന തിലേയ്ക്ക് ഒരു വർക്ക്സ്റ്റഡി നടത്തു ന്നതിന് തീരുമാനിക്കുകയും ഇതിനായി 23.05.2012-ലെ ജി.ഒ.(ആർ.റ്റി) നം.943/12/ഉ.വി.വ. ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവർ 16.08.2013 മുതൽ വർക്സ്റ്റഡി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തിനകം റിപ്പോർട്ട് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്) |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**